No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## KEAM-2018

## എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള നാലാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള നാലാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **10.10.2018–ന്** ആരംഭിക്കുന്നതാണ്. ഈ ഘട്ടത്തിൽ ആയുർവേദ (ബി.എ.എം.എസ്), ഹോമിയോപ്പതി (ബി.എച്ച്.എം.എസ്) എന്നീ മെഡിക്കൽ കോഴ്സുകളിലും അഗ്രികൾച്ചർ, ഫോറസ്ട്രി എന്നീ അനുബന്ധ കോഴ്സുകളിലും നിലവിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും സിദ്ധ (ബി.എസ്.എം.എസ്) കോഴ്സിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള ഒരു കോളേജിലേയ്ക്കും അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രസ്തുത അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് **വിദ്യാർത്ഥികൾ നിർബന്ധമായും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിരിക്കണം.**

ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് സിദ്ധ കോഴ്സിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകളുടെ പുന:ക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുമുള്ള സൗകര്യം വെബ്സൈറ്റിൽ **10.10.2018 (ബുധനാഴ്ച) മുതൽ 14.10.2018 (ഞായറാഴ്ച) വൈകുന്നേരം 5 മണിവരെ** ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കോഴ്സുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് **15.10.2018–ന്** പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **16.10.2018** മുതൽ **20.10.2018** വരെ തീയതികളിൽ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം **20.10.2018 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള നാലാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് സംബന്ധിച്ച വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

തിരുവനന്തപുരം
08.10.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**